**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2473** **04-03-2025 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വളർച്ച**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2017 മുതൽ നാളിതുവരെ ഓരോ വർഷവും ജി.എസ്.ടി. വളർച്ച എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ? | (എ) | 2017 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനത്തിനു ലഭിച്ച ജി.എസ്.ടി. വരുമാനത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>2025 ജനുവരി വരെയുള്ള ജി.എസ്.ടി. വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2019-20, 2020-21 വർഷങ്ങളിൽ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ കോവിഡ് പ്രതിസന്ധി ബാധിച്ചിരുന്നു. സംസ്ഥാനത്ത് നികുതി ചോർച്ച തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിക്കുകയും, ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് വഴിയുള്ള നികുതി വരുമാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, സ്വർണത്തിനും മറ്റ് വിലപിടിപ്പുള്ള ലോഹങ്ങൾക്കും ഇ-വേബിൽ സംവിധാനം ഏർപ്പെടുത്തുകയും, നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി വിവിധ മേഖലകളിൽ പരിശോധനകൾ കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2017 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനത്തിനു ലഭിച്ച ജി.എസ്.ടി. വരുമാനത്തിന്റെ വളർച്ച സംബന്ധിച്ച വിവരങ്ങൾ

| സാമ്പത്തിക വർഷം | ജി.എസ്.ടി. (കോടി) * | വ്യതിയാനം |
|---|---|---|
| 2017-18 (ജൂലൈ 2017 മുതൽ) | 12007.69 | |
| 2018-19 | 21014.71 | 9007.02 |
| 2019-20 | 20446.95 | -567.76 |
| 2020-21 | 20028.31 | -418.64 |
| 2021-22 | 24169.81 | 4141.5 |
| 2022-23 | 29513.28 | 5343.47 |
| 2023-24 | 30563.6 | 1050.32 |
| 2024-25(ജനുവരി 2025 വരെ)** | 27169.37 | 1426.79*** |

* സ്റ്റേറ്റ് ഫിനാൻസ് അക്കൗണ്ട്സ് പ്രകാരം, ഐ.ജി.എസ്.ടി. അഡ്ഹോക് ഉൾപ്പടെ
**പ്രൊവിഷണൽ

*** 2025 ജനുവരി വരെയുള്ള ജി.എസ്.ടി. വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2019-20, 2020-21 വർഷങ്ങളിൽ സംസ്ഥാന സമ്പദ്വ്യവസ്ഥയെ കോവിഡ് പ്രതിസന്ധി ബാധിച്ചിരുന്നു.

സെക്ഷൻ ഓഫീസർ